"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- പട്ടയമില്ലാത്ത ഭൂമിയിൽ തർക്കങ്ങളൊന്നുമില്ലാതെ വർഷങ്ങളായി കൃഷി ചെയ്യുന്ന ദീർഘകാല വിളകളെ പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷി നാശത്തിനുള്ള നഷ്ടപരിഹാരത്തിന് പരിഗണിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (കൃഷി) വകുപ്പ്**

G.O.(Ms)No.71/2024/AGRI തീയതി,തിരുവനന്തപുരം, 04-07-2024

പരാമർശം:-
1. സ.ഉ (കൈ) നം. 167/2017/കൃഷി തീയതി 28.12.2017
2. സ.ഉ (കൈ) നം. 93/2022/കൃഷി തീയതി 29.10.2022
3. സ.ഉ (സാധാ) നം. 194/2024/കൃഷി തീയതി 27.02.2024
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 04.06.2024 തീയതിയിലെ ADFW/6730/2024-TR1 നമ്പർ കത്ത്

**ഉത്തരവ്**

അസംരക്ഷിത വനഭൂമിയിൽ കൃഷി ചെയ്യുന്ന ഹ്രസ്വകാല വിളകൾക്കും വാർഷിക വിളകൾക്കും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം നൽകുവാൻ പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ വനം വകുപ്പിന്റെ അനുമതിയും കൃഷി-വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനാ റിപ്പോർട്ടുകളും നികുതി രസീതിന്റെ പകർപ്പ്, വാടക കരാറിന്റെ പകർപ്പ് എന്നിവ ഹാജരാക്കണമെന്ന നിബന്ധനകളും പല പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിനെ തുടർന്ന് വനാതിർത്തിയോട് ചേർന്ന പട്ടയം ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ വർഷങ്ങളായി കൃഷി ചെയ്യുന്ന ഹ്രസ്വകാല വിളകൾക്ക് നിബന്ധനകൾക്ക് വിധേയമായി വിള ഇൻഷുറൻസ് പദ്ധതി, പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം ഉൾപ്പെടെ കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾ നൽകുവാൻ പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 3 ലെ സർക്കാർ ഉത്തരവ് പ്രകാരം വിള ഇൻഷുറൻസ് പദ്ധതിയിൽ വനാതിർത്തിയോട് ചേർന്ന പട്ടയം ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ തർക്കങ്ങൾ ഒന്നുമില്ലാതെ വർഷങ്ങളായി കൃഷി ചെയ്യുന്ന ദീർഘകാല വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്ത് ഇടുക്കി ജില്ലയിൽ വനാതിർത്തിയോട് ചേർന്ന പട്ടയമില്ലാത്ത ഭൂമിയിൽ കുടിയേറ്റ കർഷകർ തലമുറകളായി ഏലം, കുരുമുളക്, കാപ്പി, കൊക്കോ, ജാതി മുതലായ ദീർഘകാല വിളകൾ കൃഷി ചെയ്തു വരുന്നതായും 2024 ഫെബ്രുവരി മുതൽ മെയ് വരെയുണ്ടായ കടുത്ത ഉഷ്ണതരംഗവും വരൾച്ചയും മൂലം ഇടുക്കി ജില്ലയിലെ കാർഷിക മേഖലയിൽ കടുത്ത നാശമുണ്ടാക്കിയിട്ടുണ്ടെന്നും പരാമർശം 4-ലെ കത്ത് പ്രകാരം കാർഷിക

വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി നാശം സംഭവിച്ച കർഷകരിൽ പട്ടയമില്ലാത്ത ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിന് നഷ്ടപരിഹാരം നൽകാൻ സാധിക്കാത്ത സാഹചര്യമായതിനാൽ പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിന്റെ നഷ്ടപരിഹാരത്തിന് പട്ടയമില്ലാത്ത ഭൂമിയിൽ കൃഷി ചെയ്യുന്ന ദീർഘകാല വിളകളെയും കൂടി ഉൾപ്പെടുത്തണമെന്ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പട്ടയമില്ലാത്ത ഭൂമിയിൽ തർക്കങ്ങളൊന്നുമില്ലാതെ വർഷങ്ങളായി കൃഷി ചെയ്യുന്ന ദീർഘകാല വിളകളെ പരാമർശം 2, 3-ലെ സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷി നാശത്തിനുള്ള നഷ്ടപരിഹാരത്തിന് പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. സംസ്ഥാനത്തുണ്ടായ കടുത്ത ഉഷ്ണതരംഗവും വരൾച്ചയും കണക്കിലെടുത്ത് മേൽ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുവാൻ കഴിയും വിധം എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31.07.2024 വരെ ദീർഘിപ്പിക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASANTH N I A S
SPECIAL SECRETARY

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഇൻഷുറൻസ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
റവന്യൂ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 04-07-2024 17:14:03
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
കാർഷികോത്പാദന കമ്മീഷണറുടെ പിഎയ്ക്ക്